Malappuram District Police

# ഓൺലൈൻ തട്ടിപ്പ് കേസ് : മധ്യപ്രദേശ് സ്വദേശിയെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു.

*************************************************

**മഞ്ചേരി (02/10/2020)**: സാങ്കേതിക വിദ്യകളുപയോഗിച്ച് വിവിധ രീതിയിലുള്ള ഓൺലൈൻ & ഓഫ്-ലൈൻ തട്ടിപ്പുകൾ നടത്തിവരികയായിരുന്ന സംഘത്തിലെ പ്രധാനിയെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു.

മധ്യപ്രദേശ് ജുനസോംവരിയ സ്വദേശി സൽമാൻ ഖാൻ എന്ന മുഹമ്മദ് സൽമാൻ (27 വയസ്സ്) എന്നയാളെയാണ് മഞ്ചേരി പോലീസ് കഴിഞ്ഞ ദിവസം പുലർച്ചെ മധ്യപ്രദേശിലെ ഉജ്ജയിനിൽ നിന്നും സാഹസികമായി അറസ്റ്റ് ചെയ്തത്.

കുറഞ്ഞ വിലക്ക് ടൈൽസ് ലഭ്യമാക്കുമെന്ന പരസ്യം കണ്ട് തട്ടിപ്പ് സംഘത്തെ ബന്ധപ്പെട്ട മഞ്ചേരി പൂക്കോട്ടൂർ സ്വദേശിയായ ടൈൽസ് വ്യാപാരിയിൽ നിന്നും നാല് ലക്ഷം രൂപയാണ് പ്രതിയും കൂട്ടാളിയും കൈക്കലാക്കിയത്.

ഇലക്ട്രോണിക് ഐറ്റംസ്, ടൈൽസ്, വിവിധ മരുന്നുകൾ തുടങ്ങി വിവിധ ഉത്പന്നങ്ങൾ ആകർഷകമായ വിലക്കുറവിൽ ലഭ്യമാക്കാമെന്ന വ്യാജേന വെബ്സൈറ്റുകളിലും സോഷ്യൽ മീഡിയകളിലും പരസ്യം ചെയ്താണ് പ്രതിയുൾപ്പെടുന്ന സംഘം തട്ടിപ്പ് നടത്തിവന്നിരുന്നത്.

ഇയാളും കൂട്ടാളിയും ചേർന്ന് നിരവധി വ്യക്തികളിൽ നിന്നായി ലക്ഷക്കണക്കിന് രൂപയാണ് തട്ടിപ്പിലൂടെ കൈക്കലാക്കിയത്.

2017 ൽ മധ്യപ്രദേശ് ജയിലിലായിരുന്ന പ്രതി അവിടെ വെച്ച് പരിചയപ്പെട്ട ഒരാൾ മുഖേനയാണ് കൂട്ടാളിയുമായി സൗഹൃദം സ്ഥാപിക്കുന്നത്.

മധ്യപ്രദേശിലെ ഉജ്ജയിൻ ജില്ലയിലെ ഉൾഗ്രാമങ്ങളിലും, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിലായും മാറി മാറി കഴിയുകയായിരുന്ന പ്രതിയെ കണ്ടെത്താനായി റോഡ് മാർഗ്ഗം സ്ഥലത്തെത്തിയ മഞ്ചേരി പോലീസ് കഴിഞ്ഞ രണ്ടാഴ്ചയോളമായി ഇവിടങ്ങളിൽ താമസിച്ച് നിരീക്ഷിച്ചുവരികയായിരുന്നു.

മഞ്ചേരി സിഐ സി. അലവിയുടെ നേതൃത്വത്തിൽ എസ്ഐ നാസിറുദ്ദീൻ നാനാക്കൽ, സൈബർ ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അംഗങ്ങളായ എം. ഷഹബിൻ, കെ. സൽമാൻ എന്നിവരാണ് മധ്യപ്രദേശിൽ നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.